No. CEE/4600/2019/KEAM-2020/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം- 695 001.

# വിജ്ഞാപനം
## എം.ബി.ബി.എസ് കോഴ്സുകളിലേക്കുള്ള പ്രവേശനം-2020
## എൻ.ആർ.ഐ കേന്ദ്രീകൃത സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ

2020-21 അദ്ധ്യയന വർഷം എം.ബി.ബി.എസ് കോഴ്സുകളിലെ പ്രവേശനത്തിനായി നടന്ന രണ്ട് ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റുകൾക്കും ഒരു മോപ് അപ്പ് റൗണ്ടിനുശേഷവും സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഒഴിഞ്ഞു കിടന്ന എൻ.ആർ.ഐ ക്വാട്ടാ സീറ്റുകൾ നികത്തുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച എൻ.ആർ.ഐ കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളുടെ ലിസ്റ്റ് അതാത് കോളേജുകൾക്ക് നൽകുകയും പ്രസ്തുത സീറ്റുകൾ 28.12.2020, 4.00 മണിയ്ക്കകം നികത്തുന്നതിന് കോളേജുകൾക്ക് അനുമതി നൽകുകയും ചെയ്തിരുന്നു. എന്നാൽ മേൽ തീയതിയ്ക്കുശേഷവും സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഒഴിഞ്ഞു കിടക്കുന്ന എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിൽ പുതുതായി വിദ്യാർത്ഥികളെ പരിഗണിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്കായി കേന്ദ്രീകൃത സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തുന്നു. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച എൻ.ആർ.ഐ കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടതും, ആൾ ഇന്ത്യാ ക്വാട്ടാ അഡ്മിഷൻ ലഭിച്ചവരും പ്രവേശന പരീക്ഷാ കമ്മീഷണറുടെ മുൻ അലോട്ട്മെന്റുകളിലൂടെയോ മോപ് അപ്പ് അലോട്മെന്റിലൂടെയോ നിലവിൽ സ്റ്റേറ്റ് ക്വാട്ടാ എം.ബി.ബി.എസ് അഡ്മിഷൻ ലഭിച്ചവരുമായ വിദ്യാർത്ഥികളെയും കേന്ദ്രീകൃത സർട്ടിഫിക്കറ്റ് വെരിഫിക്കേഷനിൽ പരിഗണിക്കുന്നതല്ല. സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ടാ സീറ്റിൽ താത്പര്യമുള്ള വിദ്യാർത്ഥികൾ 22.02.2020 തീയതിയിലെ GO (Rt)375/2020/H&FWD സർക്കാർ ഉത്തരവ് പ്രകാരം താഴെ പറയുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ രേഖകളുമായി **29.12.2020 രാവിലെ 10.00** മണിയ്ക്ക് തിരുവനന്തപുരം ഹൗസിംഗ് ബോർഡ് ബിൽഡിംഗിലെ അഞ്ചാം നിലയിലെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

### സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് ഹാജരാകേണ്ട രേഖകൾ:

1) സ്പോൺസറും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (GO(MS) No. 243/2014/H&FWD തീയതി 06.08.2014 പ്രകാരം)
2) തൊഴിൽ ദാതാവ് നൽകിയതും എംബസ്സി സാക്ഷ്യപ്പെടുത്തിയതുമായ ഓവർസീസ് എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തൊഴിൽ സംബന്ധിച്ച് എംബസി അഥവാ കോൺസുലേറ്റ് പാസ്സ്പോർട്ടിൽ സാക്ഷ്യപ്പെടുത്തിയിരിക്കണം. എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റിനു പകരം സ്പോൺസർ ഒരു എൻ.ആർ.ഐ /ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ(OCI)/ ഗ്രീൻ കാർഡ് ഹോൾഡർ ആണെന്ന് സാക്ഷ്യപ്പെടുത്തി എംബസി അഥവാ കോൺസുലേറ്റ് നൽകുന്ന സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതാണ്.
3) വിസ സ്റ്റാമ്പ് ചെയ്തതും എംബസ്സി സാക്ഷ്യപ്പെടുത്തിയതുമായ സ്പോൺസറുടെ പാസ്പോർട്ടിന്റെ പകർപ്പ്.
4) വിദ്യാർത്ഥിയെ സ്പോൺസർ ചെയ്യുന്നതായുള്ള സ്പോൺസറുടെ സമ്മതപത്രം
5) സ്പോൺസർ ഒരു ഇന്ത്യൻ പൗരൻ/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ/പേഴ്സൺ ഓഫ് ഇന്ത്യൻ ഒറിജിൻ എന്ന് തെളിയിക്കുന്ന രേഖ.

കേന്ദ്രീകൃത സർട്ടിഫിക്കറ്റ് വെരിഫിക്കേഷനിൽ പങ്കെടുത്ത് വിജയകരമായി വെരിഫിക്കേഷൻ പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഒഴിവുള്ള എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിലേക്ക് പരിഗണിക്കുന്നതാണ്. എൻ.ആർ.ഐ ക്വാട്ടാ സീറ്റിൽ പരിഗണിക്കുന്നതിന് ആവശ്യമായ മേൽ പറഞ്ഞ സർട്ടിഫിക്കറ്റുകൾ എല്ലാം ഹാജരാക്കാത്തവരോ, സർട്ടിഫിക്കറ്റ് വെരിഫിക്കേഷനിൽ പങ്കെടുക്കാത്തവരോ ആയ വിദ്യാർത്ഥികളെ പ്രസ്തുത സീറ്റുകളിലേക്ക് പരിഗണിക്കുന്നതല്ല. പുതുതായി എൻ.ആർ.ഐ സീറ്റിൽ വിദ്യാർത്ഥികളെ പരിഗണിച്ചതിനുശേഷവും പ്രസ്തുത സീറ്റുകൾ ഒഴിവുള്ള പക്ഷം സർക്കാർ തീരുമാനം അനുസരിച്ച് അത് സ്റ്റേറ്റ് മെറിറ്റ് സീറ്റുകളായി പരിവർത്തനം ചെയ്യപ്പെടുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

Seetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
28.12.2020